## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :7151 — 11.07.2014 ൽ മറുപടി നൽകേണ്ടത്

### കാസർഗോഡ് ജില്ലയിൽ സീറോലാന്റ്ലസ് പദ്ധതിയിൽ പതിച്ചുനൽകുന്ന ഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ഭൂമി സീറോലാന്റ്ലസ് പദ്ധതിയിൽ ഉൾപ്പെടുത്തി പതിച്ചു നൽകുന്നതിനെതിരായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഏതാനും ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഏതെങ്കിലും പ്രത്യേക വികസന പ്രവർത്തനങ്ങൾക്ക് തിരഞ്ഞെടുത്തതും വാണിജ്യ പ്രാധാന്യമുള്ളതുമായ സ്ഥലങ്ങൾ ഒഴിവാക്കി, വീട് നിർമ്മിക്കുവാൻ പര്യാപ്തമായ പതിവിന് വിധേയമായ സർക്കാർ ഭൂമി മാത്രമാണ് 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി'യിൽ വിതരണം ചെയ്യുന്നത്. |
| (ബി) ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി നീക്കിവെച്ച ഭൂമി സീറേലാന്റ്ലസ് പദ്ധതിയിൽ ഉൾപ്പെടുത്തി പതിച്ചു നൽകുന്നതിനുള്ളനീക്കം ഉപേക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിനെ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ സർക്കാർ ഭൂമി മുഴുവനായും പ്രസ്തുത പദ്ധതിക്കായി ഉപയോഗപ്പെടുത്തിയിട്ടില്ല. |

C.K.V. Kumar
സെക്ഷൻ ഓഫീസർ